**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 138 — 27.02.2017 - ൽ മറുപടിയ്ക്ക്

**പൂക്കിപ്പറമ്പിൽ ബസ്സപകടം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) 2001 ൽ മലപ്പുറം ജില്ലയിലെ പൂക്കിപ്പറമ്പിൽ ബസ്സപകടത്തിൽ എത്ര പേരാണ് മരിച്ചത്; | (എ) | 44 പേർ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് തിരൂരങ്ങാടി പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 135/2001 നമ്പർ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; | (ബി) | പ്രസ്തുത കേസിൽ പയ്യനാട്ട് സുധീർ @ സുധീർകുമാർ, S/o. കൃഷ്ണദാസ് എന്നയാളിനെ ബഹു. തിരൂർ അസിസ്റ്റന്റ് സെഷൻസ് കോടതി രണ്ട് വർഷത്തെ കഠിന തടവിന് 19.08.2005-ൽ ശിക്ഷ വിധിച്ചിട്ടുള്ളതാണ്. |
| (സി) ഇക്കാര്യത്തിൽ ഏതെങ്കിലും അപ്പീൽ നിലവിലുണ്ടോ; | (സി) | നിലവിലില്ല. |
| (ഡി) അപകട ഇൻഷ്വറൻസ് എല്ലാവർക്കും ലഭ്യമായിട്ടുണ്ടോ;<br>(ഇ) മരിച്ചവരുടെ ആഭരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ അവകാശികൾക്ക് തിരിച്ച നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;<br>(എഫ്) ഈ സ്വത്തുക്കൾ അവകാശികൾക്ക് തിരിച്ച നൽകാനും ഇൻഷ്വറൻസ് തുക ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ ? | (ഡി), (ഇ) & (എഫ്) | മരിച്ചവരുടെ ആഭരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ ബഹു.കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാകുന്നു. ആയത് കോടതിയിൽ സൂക്ഷിച്ചുവരുന്നു. സ്വത്തുക്കൾ അവകാശികൾക്ക് തിരിച്ച നൽകുന്നതും ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ ബഹു.കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ